പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5363

26.03.2018 ൽ
മറുപടിയ്ക്ക്

## പുതുതായി ആരംഭിച്ച ലാൻഡ് ട്രിബ്യൂണലുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അട്ടർ പ്രകാശ് | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ലാൻഡ് ട്രിബ്യൂണലുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം; | (എ) ആരംഭിച്ചിട്ടില്ല. |
| (ബി) എല്ലാ ലാൻഡ് ട്രിബ്യൂണലുകളിലുമായി ഇനി എത്ര കേസ്സുകൾ തീർപ്പാക്കാനായി നിലവിലുണ്ട് എന്ന്. വെളിപ്പെടുത്തുമോ; | (ബി) കേരളത്തിൽ ലാൻഡ് ട്രിബ്യൂണലുകളിൽ 73708 കേസുകളും ദേവസ്വം ട്രിബ്യൂണലുകളിൽ 28519 കേസുകളും സ്പെഷ്യൽ ട്രിബ്യൂണലുകളിൽ 29697 കേസുകളും 15451 കാണം കേസുകളും ഉൾപ്പെടെ ആകെ 1,47,375 കേസുകൾ തീർപ്പാക്കാനുണ്ട്. |
| (സി) ഈ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനുള്ള തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലിലെ ജീവനക്കാരെ അടിക്കടി സ്ഥലം മാറ്റുന്നത് കേസ് തീർപ്പാക്കുന്നതിനെ ബാധിക്കുമെന്ന് കണ്ടതിനാൽ അവരെ രണ്ട് |

വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മാസവും കേസ് തീർപ്പാക്കൽ പുരോഗതി അവലോകന യോഗങ്ങളും നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മേൽ പറഞ്ഞ നടപടികളിലൂടെ 61,000 കേസുകൾ 2018 ഫെബ്രുവരി 28 വരെ തീർപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ വില്ലേജ് ഓഫീസർമാരേയും ലാൻഡ് ട്രൈബ്യൂണലിലേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥരായി ഡെസിഗ്നേറ്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഫലമായി റിപ്പോർട്ടുകൾ ലഭിക്കുന്നതിനായുള്ള പെന്റിംഗ് കേസുകൾ അവസാനിപ്പിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ